REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-02-20266 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ദേശീയ തല HPV വാക്സിനേഷൻ പരിപാടിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനിലെ അജ്മീരിൽ തുടക്കം കുറിക്കും.**
- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിലെത്തും.**
- **വയനാട്ടിലെ ദുരിത ബാധിതർക്ക് മുസ്ലിം ലീഗ് നിർമ്മിച്ച 51 വീടുകൾ വൈകിട്ട് കൈമാറും.**
- **തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ പൊതുജനങ്ങൾക്ക് ഇന്നു മുതൽ പ്രവേശനം.**
- **ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ-8 ഗ്രൂപ്പ് 2 മത്സരത്തിൽ ഇംഗ്ലണ്ട്, ന്യൂസിലൻഡിനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ദേശീയ തല ഹ്യൂമൺ പാപ്പിലോമ വൈറസ് വാക്സിനേഷൻ പരിപാടിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനിലെ അജ്മീരിൽ തുടക്കം കുറിക്കും. രാജ്യത്തെ 14 വയസ്സായ മുഴുവൻ പെൺകുട്ടികൾക്കും HPV വാക്സിൻ ദൗത്യത്തിൽ വിതരണം ചെയ്യും. ഗർഭാശയ ഗള ക്യാൻസർ തടയാൻ ലക്ഷ്യമിടുന്ന പ്രതിരോധ കുത്തിവെപ്പ് സ്ത്രീകളുടെ ആരോഗ്യ പരിരക്ഷയ്ക്കും സംരക്ഷണത്തിനും 'സ്വസ്ത നാരി' എന്ന കാഴ്ചപ്പാടോടെയാണ്. മൂന്ന് മാസം നീളുന്ന വാക്സിനേഷൻ ദൗത്യത്തിന് ശേഷം പതിവ് വാക്സിനേഷൻ ദിവസങ്ങളിലും ആശുപത്രികളിലും HPV വാക്സിൻ ലഭ്യമാക്കും.

ഡെസ്ക് റിപ്പോർട്ട്......

.......വോയ്സ്......

ഓരോ വർഷവും ഒരു കോടി 15 ലക്ഷം കൗമാരക്കാരായ പെൺകുട്ടികൾക്ക് HPV വാക്സിൻ നൽകും. ഗവൺമെന്റ് ആശുപത്രികളിൽ നിന്നും ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി വാക്സിൻ ലഭ്യമാകും. ആയുഷ്മാൻ ആരോഗ്യ മന്ദിർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളജുകൾ എന്നിവിടങ്ങളിൽ വാക്സിനേഷന് സൗകര്യം ഒരുക്കിയിട്ടുണ്ട്. സ്വന്തം താൽപര്യപ്രകാരം വാക്സിൻ സ്വീകരിക്കാൻ കുട്ടിയുടെ മാതാപിതാക്കളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ സമ്മതപത്രം ആവശ്യമാണ്.

സംസ്ഥാനത്ത് HPV വാക്സിനേഷൻ യജ്ഞം മന്ത്രി V. ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

ദേശീയ തലത്തിൽ HPV വാക്സിൻ നൽകാനെടുത്ത തീരുമാനത്തെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സ്വാഗതം ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്ത് സന്ദർശിക്കും. ഉച്ച കഴിഞ്ഞ് സാനന്ദിലെത്തുന്ന പ്രധാനമന്ത്രി, സ്വകാര്യ കമ്പനിയുടെ സെമികണ്ടക്ടർ അസംബ്ലി, ടെസ്റ്റ് ആൻഡ് പാക്കേജിംഗ് കേന്ദ്രം ഉദ്ഘാടനം ചെയ്യും. 22,500 കോടി രൂപ ചെലവിലാണ് കേന്ദ്രം സജ്ജീകരിച്ചിരിക്കുന്നത്.

പ്രധാനമന്ത്രി നാളെ തമിഴ്നാടും പുതുച്ചേരിയും സന്ദർശിക്കും. ഇന്ന് രാത്രി ചെന്നൈയിലെത്തുന്ന നരേന്ദ്രമോദി നാളെ രാവിലെ, പുതുച്ചേരിയിൽ 2,700 കോടിയിൽ പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. തുടർന്ന് മധുരയിലെത്തുന്ന പ്രധാനമന്ത്രി കുംഭകോണം, യേർക്കാട്, വെല്ലൂർ എന്നിവിടങ്ങളിൽ ആകാശവാണിയുടെ പുതിയ FM റിലേ ട്രാൻസ്മിറ്ററുകൾ നാടിന് സമർപ്പിക്കും.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിലെത്തും. ചങ്ങനാശേരി സെന്റ് ബർക്ക്മാൻസ് കോളജിന്റെ ശതാബ്ദി ആഘോഷ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. നാളെ തൃശൂർ ദേവമാതാ CMI പബ്ലിക് സ്കൂളിൽ , ചേതനാ ഗാനാശ്രമത്തിന് അദ്ദേഹം തറക്കല്ലിടും. തിരുവനന്തപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷത്തിലും CP രാധാകൃഷ്ണൻ പങ്കുചേരും.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് ഇന്ന് തിരുവനന്തപുരം ആക്കുളത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കാമ്പസിലെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സൗകര്യത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യും. RE-COMBINANT സെല്ലുകൾക്കും സെൻസറുകൾക്കും ആവശ്യമായ ദേശീയ സംവിധാനവും അദ്ദേഹം നാടിനു സമർപ്പിക്കും. ശാസ്ത്ര ദിന പരിപാടിയും ഡോ.ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും.

✪✪✪

മുണ്ടക്കൈ ചൂരൽമല പുനരധിവാസത്തിന്റെ ഭാഗമായി മുസ്ലിം ലീഗ് നിർമ്മിച്ച 51 വീടുകൾ വൈകിട്ട് സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ കൈമാറും. തൃക്കൈപ്പറ്റ വെള്ളിത്തോട് പ്രൊജക്ട് സൈറ്റിലാണ് ചടങ്ങ്. AICC ജനറൽ സെക്രട്ടറിയും MP യുമായ പ്രിയങ്ക ഗാന്ധി മുഖ്യാതിഥിയായി പങ്കെടുക്കും. ലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി അധ്യക്ഷനാകും.

മുട്ടിൽ മേപ്പാടി സംസ്ഥാന പാതയോട് ചേർന്ന് 8 സെന്റിൽ 1060 സ്ക്വയർഫീറ്റിലാണ് വീടുകൾ നിർമ്മിച്ചത്. 105 സ്നേഹ ഭവനങ്ങളാണ് ലീഗ് നിർമ്മിച്ചു നൽകുന്നത്.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ ടൗൺഷിപ്പ് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നിർമ്മാണം പൂർത്തിയാക്കിയ 178 വീടുകളുടെ താക്കോൽ അദ്ദേഹം കൈമാറും. ടൗൺഷിപ്പ് ഉദ്ഘാടനത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ DR മേഘശ്രീ അറിയിച്ചു.

✪✪✪

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ CPIM സ്ഥാനാർത്ഥികളുടെ പട്ടിക മാർച്ച് ആദ്യവാരം പ്രഖ്യാപിക്കുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി MA ബേബി ന്യൂഡൽഹിയിൽ അറിയിച്ചു. പോളിറ്റ് ബ്യൂറോ യോഗത്തിന് ശേഷം മാധ്യമങ്ങളെ കണ്ട MA ബേബി, കണ്ണൂരിൽ മന്ത്രി വീണാ ജോർജ്ജിന് നേരെ KSU പ്രവർത്തകർ നടത്തിയ ആക്രമണത്തെ അപലപിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ നേട്ടങ്ങളിലെ നൈരാശ്യമാണ് കോൺഗ്രസിനെന്നും അതിന്റെ പ്രതിഫലമായിരുന്നു ആക്രമണമെന്നും ബേബി പറഞ്ഞു.

✪✪✪

തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ പൊതുജനങ്ങൾക്ക് ഇന്നു മുതൽ പ്രവേശനം. രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ച് വരെയായിരിക്കും പ്രവേശന സമയം.

തൃശൂരിൽ നിന്ന് ഭരിതാപ്രതാപ് ........

..........വോയ്സ്........

പ്രകൃതിയോടൊപ്പം നടക്കാനും വന്യജീവികളുടെ ലോകം അടുത്തറിഞ്ഞ് അനുഭവിക്കാനും പുതുവൈഭവത്തോടെ സജ്ജമായ തൃശ്ശൂർ സുവോളജിക്കൽ പാർക്കിലേക്ക് ഇന്ന് മുതൽ (28-2-26)പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കും. രാവിലെ എട്ട് മണിക്ക് വനം, വന്യ ജീവി വകുപ്പ് മന്ത്രി എ. കെ ശശീന്ദ്രൻ, റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ആദ്യ സന്ദർശകരാകും.

രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ച് വരെയായിരിക്കും പ്രവേശന സമയം. മറ്റ് മൃഗശാലകളിലെ പോലെ തന്നെ തിങ്കളാഴ്ചകളിൽ സുവോളജിക്കൽ പാർക്കിനും അവധിയായിരിക്കും.

മുതിർന്നവർക്ക് 100 രൂപയും അഞ്ച് മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾക്ക് 30 രൂപയും മുതിർന്ന പൗരന്മാർക്ക് 50 രൂപയും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് പ്രവേശനം സൗജന്യവുമായിരിക്കും.

ഹെഡ് മാസ്റ്ററുടെയോ പ്രിൻസിപ്പലിന്റെയോ അനുമതിയോടെ, സ്കൂൾ യൂണിഫോമിൽ ഗ്രൂപ്പായി വരുന്ന വിദ്യാർത്ഥികൾക്ക് ഇളവുകളോടെയുള്ള പാക്കേജുകൾ ഒരുക്കിയിട്ടുണ്ട് . കിന്റർഗാർട്ടൻ,എൽ.കെ.ജി, യു.കെ.ജി തുടങ്ങി നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം സൗജന്യമായിരിക്കും. അഞ്ച് മുതൽ 12 വരെയുള്ള ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് 30 രൂപ നിരക്കിലും 20 വിദ്യാർത്ഥികൾക്ക് ഒരു അധ്യാപകൻ അല്ലെങ്കിൽ അധ്യാപിക അല്ലെങ്കിൽ ജീവനക്കാരൻ എന്ന നിലയിൽ 30 രൂപക്ക് പ്രവേശനം അനുവദിക്കും .

സുവോളജിക്കൽ പാർക്കിനകത്തെ യാത്രക്കായി കെ.എസ്.ആർ.ടി.സി.യുടെ രണ്ട് ഇലക്ട്രിക്ക് ബസുകൾ സജ്ജീകരിച്ചിട്ടുണ്ട്

✪✪✪

മന്ത്രി വീണാ ജോർജിന്റെ പൊതുപരിപാടികൾ മാർച്ച് രണ്ട് വരെ മാറ്റിവെച്ചതായി മന്ത്രിയുടെ ഓഫീസ് അറിയിച്ചു. ഡോക്ടർമാർ മന്ത്രിക്ക് നാല് ദിവസത്തെ പൂർണ  വിശ്രമം നിർദേശിച്ചതിനെ തുടർന്നാണ് പൊതു പരിപാടികൾ റദ്ദാക്കിയത്. പത്തനംതിട്ടയിലെ വീട്ടിലാണ് മന്ത്രി വിശ്രമത്തിൽ കഴിയുന്നത്.

✪✪✪

സുരക്ഷിത കേരളത്തിന് എന്ന മുദ്രാവാക്യവുമായി BJP സംഘടിപ്പിക്കുന്ന ജാഗ്രതാ റാലി വൈകിട്ട് സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. ജമാ അത്തെ ഇസ്ലാമിയുമായി കൂട്ടു ചേരുന്ന UDFന്റെയും SDPI യെ വെള്ളപൂശുന്ന LDF ന്റെയും നിലപാട് തുറന്നുകാണിക്കാനാണ് ജാഗ്രതാ റാലിയെന്ന് BJP സംസ്ഥാന സെൽ കോർഡിനേറ്ററും ജാഗ്രത റാലിയുടെ ചുമതലക്കാരാനുമായ VK സജീവൻ അറിയിച്ചു.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിലെ പത്തുദിവസത്തെ ഉത്സവത്തിന് ഇന്ന് തുടക്കമാകും. ഇതിന്റെ ഭാഗമായി ഉച്ച കഴിഞ്ഞ് മഞ്ജുളാൽ പരിസരത്തുനിന്നും ആനയോട്ടം ആരംഭിക്കും. ഇതിൽ വിജയിക്കുന്ന ആനയായിരിക്കും ഉത്സവകാലത്ത് ഭഗവാന്റെ സ്വർണ്ണത്തിടമ്പ് ഏറ്റുക. ദേവസ്വം ആനത്താവളത്തിലെ തിരഞ്ഞെടുത്ത 15 ആനകൾ ആനയോട്ടത്തിൽ പങ്കെടുക്കും. സന്ധ്യയ്ക്ക് സപ്തവർണ്ണക്കൊടി ഉയർത്തുന്നതോടെ ക്ഷേത്രത്തിൽ പത്തുദിവസത്തെ ഉത്സവച്ചടങ്ങുകൾക്ക് ഔദ്യോഗിക തുടക്കമാകും. മാർച്ച് 9-നാണ് ആറാട്ട്.

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ-8 ഗ്രൂപ്പ് 2 മത്സരത്തിൽ ഇംഗ്ലണ്ട്, ന്യൂസിലൻഡിനെ പരാജയപ്പെടുത്തി. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ 4 വിക്കറ്റിനാണ് ഇംഗ്ലണ്ടിന്റെ ജയം. ഇന്ന്, പാകിസ്ഥാൻ ശ്രീലങ്കയെ നേരിടും. പല്ലെക്കലെ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് 7 നാണ് മത്സരം .

നാളെ വെസ്റ്റ് ഇൻഡീസിനെതിരെയാണ് ഇന്ത്യയുടെ അവസാന സൂപ്പർ 8 മത്സരം.

✪✪✪

ISL ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ഇന്റർ കാശിയെ നേരിടും. വൈകിട്ട് അഞ്ചിന് കൊച്ചി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കേരളത്തിന്റെ വൈദ്യുതി വിതരണ ശൃംഖലയെ കൂടുതൽ കരുത്തുറ്റതാക്കാൻ ലക്ഷ്യമിട്ട് കാസർകോട് ജില്ലയിലെ മൈലാട്ടിയിൽ അത്യാധുനിക ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം യാഥാർത്ഥ്യമാകുന്നു. പദ്ധതിയുടെ നിർമ്മാണം വൈകിട്ട് മന്ത്രി K കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും.

കാസർകോട്ട് നിന്ന് P. ജഗന്നിവാസൻ

...........വോയ്സ്..........

✪✪✪

2019-ലെ ഉരുൾപൊട്ടലിൽ തകർന്ന പോത്തുകല്ല് അമ്പുട്ടാൻപൊട്ടി ശാന്തിഗ്രാം പാലം നിർമാണം  ഇന്ന് മന്ത്രി PA മുഹമ്മദ് റിയാസ്  ഉദ്ഘാടനം ചെയ്യും. വയനാട് MP പ്രിയങ്കാഗാന്ധിയും ചടങ്ങിൽ പങ്കെടുക്കും. കേന്ദ്ര ഫണ്ട് ഉപയോഗിച്ച് സേതുബന്ധൻ പദ്ധതിയിൽ 12.5 കോടി രൂപ ചെലവിലാണ് പാലം നിർമ്മിക്കുന്നത്.

✪✪✪

മലബാറിന്റെ ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ കേരളത്തിനാകെ ലഭ്യമാകുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. പേരാമ്പ്ര മണ്ഡലത്തിലെ ചേർമല കേവ് പാർക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നോമ്പു കാലമാണെങ്കിലും ആറ്റുകാൽ പൊങ്കാലക്കായി തിരുവനന്തപുരത്തെത്തുന്നവർക്ക് വിശ്വാസികൾ നല്ല ആതിഥേയരാകണമെന്നും അവർക്ക് വെള്ളവും ഭക്ഷണവും ഒരുക്കണമെന്നും പാളയം ഇമാം ഡോ.VP സുഹൈബ് മൗലവി പറഞ്ഞു. തീർത്ഥാടകർക്ക് വിശ്രമിക്കാൻ സൗകര്യമൊരുക്കണമെന്നും സാഹോദര്യവും സ്നേഹവും തുറന്നു കാണിക്കേണ്ട സന്ദർഭമാണിതെന്നും മൗലവി വെള്ളിയാഴ്ച നമസ്കാരത്തിൽ  പറഞ്ഞു

✪✪✪

ആലപ്പുഴ രാമങ്കരി മജിസ്ട്രേട്ട് കോടതി കെട്ടിടത്തിനും ആലപ്പുഴയിലെ ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സിനും  ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമൻ സെൻ വൈകിട്ട് തറക്കല്ലിടും.  ആലപ്പുഴ ജില്ലാ കോടതി വളപ്പിലാണ് ചടങ്ങ്.  ഹൈക്കോടതി ജഡ്ജിമാരായ C.S ഡയസ്, ശ്യാംകുമാർ, എന്നിവരും പങ്കെടുക്കും

✪✪✪

News Editor ശ്രുതി
News Reader : അനിൽ ചന്ദ്രൻ
NRTs:  രജ്ന,
DEO : സി കെ സുബോധ്